# Desabhimani
# 30 July 2018
# Thiruvananthapuram; Flood, Fisherman are Honoured



ക്യാപ്റ്റൻസ് സെൽഫി

രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്തവരെ ആദരിക്കാൻ ചേർന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയനൊപ്പം സെൽഫിയെടുക്കുന്ന മത്സ്യത്തൊഴിലാളി ഫോട്ടോ: സുമേഷ് കോടിയത

## ബിഗ് സല്യൂട്ട്

## മത്സ്യത്തൊഴിലാളികൾക്ക് കേരളത്തിന്റെ ആദരം

**സ്വന്തം ലേഖകൻ**

**തിരുവനന്തപുരം**

കുതിച്ചൊഴുകിയ പ്രളയജലത്തിൽ ജീവൻപോലും പണയംവച്ച് രക്ഷാപ്രവർത്തനം നടത്തിയ കടലിന്റെ മക്കൾക്ക് 'ബിഗ് സല്യൂട്ട്' അർപ്പിച്ച് കേരളത്തിന്റെ ആദരം. അപകടത്തിൽപ്പെട്ട സഹോദരങ്ങളെ സംരക്ഷിക്കണമെന്ന ഒറ്റ ചിന്തയോടെ ചാടിയിറങ്ങിയ മത്സ്യത്തൊഴിലാളികൾക്ക് ബിഗ് സല്യൂട്ട് സമർപ്പിക്കുന്നതായി മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിച്ചപ്പോൾ സദസ്സിൽ ഹർഷാരവം മുഴങ്ങി. മത്സ്യത്തൊഴിലാളികൾക്ക് ആദരമർപ്പിക്കാൻ സംസ്ഥാന സർക്കാർ തിരുവനന്തപുരം നിശാഗന്ധിയിൽ സംഘടിപ്പിച്ച ചടങ്ങിന് സാക്ഷ്യംവഹിക്കാൻ വൻജനാവലിയാണെത്തിയത്. സമാനതകളില്ലാത്ത രക്ഷാ പ്രവർത്തനത്തിൽ മുഖ്യപങ്ക് വഹിച്ചവർക്കുള്ള വലിയ അംഗീകാരംകൂടിയായി ചടങ്ങ്. ദുരന്തമുഖത്തുള്ള സഹോദരങ്ങൾക്ക് ആത്മവിശ്വാസം പകർന്നാണ് ആയിരങ്ങളെ അവർ രക്ഷിച്ചത്. ചടങ്ങിന്റെ ഉദ്ഘാടനം മുഖ്യമന്ത്രി നിർവഹിച്ചു. മത്സ്യത്തൊഴിലാളികൾ നടത്തിയ സേവനങ്ങൾ മുഖ്യമന്ത്രിയും വിശിഷ്ടാതിഥികളും വിവരിച്ചത് വൻകരഘോഷത്തോടെയാണ് സദസ്സ് സ്വീകരിച്ചത്.

രക്ഷാപ്രവർത്തനത്തിൽ പങ്കെടുത്ത മത്സ്യത്തൊഴിലാളികൾക്ക് പ്രശസ്തിപത്രവും പൊന്നാടയും മുഖ്യമന്ത്രിയും മന്ത്രിമാരും നൽകി.

ആദ്യഘട്ടത്തിൽ രക്ഷാപ്രവർത്തനത്തിന് കൊല്ലത്തുനിന്ന് പത്തനംതിട്ടയ്ക്ക് അയച്ച മത്സ്യത്തൊഴിലാളിയാനങ്ങൾ വിജയം കൈവരിച്ചതോടെയാണ് പ്രളയമേഖലകളിലാകെ അവരുടെ സേവനം ഉപയോഗപ്പെടുത്തിയത്. തിരുവനന്തപുരത്തുനിന്ന് 577, കൊല്ലത്ത് നിന്ന് 632, ആലപ്പുഴയിൽനിന്ന് 1317, കോട്ടയത്തുനിന്ന് 18, എറണാകുളത്തുനിന്ന് 639, തൃശൂരിൽനിന്ന് 713, പാലക്കാട്ടുനിന്ന് 24, കോഴിക്കോട്ടുനിന്ന് 140, മലപ്പുറത്തുനിന്ന് 352, കണ്ണൂരിൽനിന്ന് 125 വള്ളങ്ങൾ ഉൾപ്പെടെ ആകെ 4537 വള്ളങ്ങളാണ് രക്ഷാദൗത്യത്തിനിറങ്ങിയത്. എഴുപതിനായിരത്തിലധികം പേരെയാണ് അവർ രക്ഷിച്ച

മന്ത്രി ഇ ചന്ദ്രശേഖരൻ അ ക്ഷനായി. മന്ത്രിമാരായ,ഇ പി. ജ രാജൻ, കടകംപള്ളി സുരേന്ദ്ര ജെ മേഴ്സിക്കുട്ടിഅമ്മ, മാ ടി തോമസ്, രാമചന്ദ്രൻ കടന്ന ള്ളി, ഡെപ്യൂട്ടി സ്പീക്കർ വി ശ ശശി തരൂർ എംപി, മേയർ വി പ്രശാന്ത്, എംഎൽഎമാരായ കെ ഹരീന്ദ്രൻ, ഡി കെ മുരളി, ആൻസലൻ, വി എസ് ശിവകുമ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ മധു, മത്സ്യഫെഡ് ചെയർമ പി പി ചിത്തരഞ്ജൻ ചീഫ് സെ റി ടോം ജോസ്, ഫിഷറീസ് ഡ ക്ടർ എസ് വെങ്കിടേസപതി എ വർ സംസാരിച്ചു.